കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തേവലക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി 2/1961/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/10/2025
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തേവലക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി തീയ്യതി: 10/10/2025
2/1961/2025

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മണിലാൽ. വി	ഡെപ്യൂട്ടി ഡയറക്ടർ	21-08-2025	01-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2025	01-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശ്രീകുമാരി.റ്റി (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ))
ശ്രീമതി ശ്രീജ. എസ്(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ. അരുൺജിത്. ജി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ. അനീഷ് സുരേഷ് (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിന്ധു. എസ്	പ്രസിഡന്റ്	01-04-2024	22-02-2025
ശ്രീ ഷാനവാസ്. എസ്	പ്രസിഡന്റ്	22-02-2025	17-03-2025
ശ്രീമതി സിന്ധു. എസ്	പ്രസിഡന്റ്	17-03-2025	31-03-2025
ശ്രീ ദിലീപ് ടി	സെക്രട്ടറി	01-04-2024	02-09-2024
ശ്രീ പ്രദീപ് എ ഫെർണാണ്ടസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-09-2024	08-09-2024
ശ്രീ ജയപ്രകാശ്. പി	സെക്രട്ടറി	09-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ പ്രദീപ് എ ഫെർണാണ്ടസ്	അസി. സെക്രട്ടറി	01-04-2024	31-03-2025
ശ്രീ സജു. എസ് . എസ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ശാന്തി തോമസ്	അസി. എഞ്ചിനീയർ	01-04-2024	05-09-2024
ശ്രീമതി അനിത. എസ്	അസി. എഞ്ചിനീയർ	06-09-2024	31-03-2025
ഡോ . സാജൻ ജി	വെറ്ററിനറി സർജൻ	01-04-2024	31-03-2025

ഡോ . രശ്മി . എസ്	മെഡിക്കൽ ഓഫീസർ, എഫ്.എച്.സീ.	01-04-2024	31-03-2025
ഡോ. സ്മിത. ആർ. എസ്	മെഡിക്കൽ ഓഫീസർ, ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി - തേവലക്കര	01-04-2024	03-11-2024
ഡോ. അഭിലാഷ് മോഹൻ	മെഡിക്കൽ ഓഫീസർ, ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി - തേവലക്കര	04-11-2024	31-03-2025
ഡോ. ഗിരിജാനന്ദ്. എം. എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി	01-04-2024	31-03-2025
ഡോ. ആർഷ മോഹൻ	മെഡിക്കൽ ഓഫീസർ, സിദ്ധ ഡിസ്പെൻസറി	01-04-2024	02-07-2024
ഡോ. ഗിരിജാനന്ദ്. എം. എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി (ഇൻ ചാർജ്)	03-07-2024	31-03-2025
ശ്രീമതി ശുഭ. സി. എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	23-07-2024

ശ്രീമതി ദീപ. കെ. എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	24-07-2024	31-03-2025
ശ്രീ ബിജു. ടി	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീമതി ഷീബ. എസ്	വി.ഇ.ഓ.	01-04-2024	31-01-2025
ശ്രീമതി സബീന എൻ	വി.ഇ.ഓ.	01-04-2024	31-03-2025
ശ്രീ പോൾ രാജൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഫൗസിയ. എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി ഡ്രോജി തരകൻ	അക്രെഡിറ്റഡ് എഞ്ചിനീയർ , MGNREGS	01-04-2024	31-03-2025
ശ്രീ മുഹമ്മദ് ഷാൻ എസ്	അക്രെഡിറ്റഡ് എഞ്ചിനീയർ , MGNREGS	01-04-2024	31-03-2025
ശ്രീമതി മോഹ്സിന എ	അക്രെഡിറ്റഡ് എഞ്ചിനീയർ , MGNREGS	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-2
4	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-3
5	തൻവർഷം നടത്തിയ വിവിധ ജേർണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല	1-1-4
6	ലഡ്ജർ ബാലൻസുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-5
7	വരവിനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പെൻഷൻ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8

15	ആഭ്യന്തര നിയന്ത്രണം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	നികുതി ഒടുക്കിലേയ്ക്കായി ലഭിച്ച ചെക്കുകൾ ബാങ്കിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചില്ല.	1-11
18	തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല	1-12
19	ഹോമിയോപ്പതി മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-13
20	മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.	1-14
21	വിവാഹ ധനസഹായം (എസ്. സി)- അധികം തുക നൽകി	1-15
22	പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.	1-16
23	ലൈഫ് ഭവന നിർമ്മാണം- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടങ്ങിയില്ല	1-17
24	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല	1-18
25	സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ-കരാർ ,വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല	1-19
26	മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല	1-20
27	മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗ്രാമസഭാ അംഗീകാരമില്ലാതെ മൂന്നു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി	1-21
28	മഴക്കാല പൂർവ്വ ശുചീകരണം- തുക പൂർണ്ണമായും ചെലവഴിച്ചില്ല	1-22

29	നിക്ഷേപ പ്രവൃത്തികൾ-ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-23
30	ഭവന നിർമ്മാണ പദ്ധതി വായ്പ - കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല- വായ്പ തിരിച്ചടവ് നടത്തിയില്ല	1-24
31	ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.	1-25
32	സർക്കാർ ഗ്രാന്റുകൾ -വിനിയോഗിക്കാതെ ശേഷിക്കുന്ന തുകകൾ തിരികെ ഒടുക്കിയില്ല	1-26
33	നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല	1-27
34	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്തെ സിസിറ്റിവി റിപ്പയർ- ചെലവ് അംഗീകരിക്കുന്നില്ല	1-28
35	കാലി ബാരൽ വില തനത് ഫണ്ടിൽ ഒടുക്കി	1-29
36	ഗ്രാമസഭ യോഗം-അപാകതകൾ	1-30
37	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-31
38	ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ- കണക്കുകൾ കൃത്യമല്ല	1-32
39	ജൽജീവൻ മിഷൻ	1-33
ഭാഗം 2		
1	തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല	2-1
ഭാഗം 3		
1	വിവാഹ ധനസഹായം (എസ്. സി)- അധികം തുക നൽകി	3-1
2	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്തെ സിസിറ്റിവി റിപ്പയർ- ചെലവ് അംഗീകരിക്കുന്നില്ല	3-2
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1

2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്
സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രക
ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ
അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.07.2025 തീയതി
തീരുമാന പ്രകാരം അംഗീകരിച്ച് 31.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്ര
ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക റ
കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്
ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, ഓ
ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ
പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ
ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എ
ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത
മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥ
അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പ്ര
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ
വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയ
ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന
ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ
മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്
പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പ്ര
സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ

വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോ ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും റ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തി റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വ കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തേവലക്കര ഗ്രാമ 2024-25 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്ത സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 10.10.2025

ഡെ
ജില്ലാ ഓഡിറ്റ് കാ
കേരള സംസ്ഥാ

1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്ര എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇ അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

(I) വസ്തുനികുതി വരവ്, കുടിശ്ശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ ക പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തി ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(Iii) അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

B-18 ഷെഡ്യൂൾ പ്രകാരമുള്ള പെൻഡിംഗ് അഡ്വാൻസുകൾ, ഡെപ്പോസിറ്റുകൾ എന്നി പ്രോജക്ടുകൾക്കായി അനുവദിച്ചിട്ടുള്ളതാണെന്ന വിവരം ലഭ്യമാക്കിയില്ല.

(Iv) ലോൺ രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

(A) ലൈഫ് ഭവനപദ്ധതിയുടെ ലോൺ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പ

(B) ഭവന നിർമ്മാണത്തിനുള്ള പ്രാദേശിക പദ്ധതിയ്ക്കായുള്ള ലോൺ വിശദാംശങ്ങൾ ലോൺ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലോൺ ബാധ്യതയായി ധനകാര്യ പത്രികയിൽ രേഖപ്പെടു ബാങ്കിന്റെ ലോൺ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ധനകാര്യപത്രിക പ്രകാരം 31.03.25 ലെ ബാധ്യത - 16,61,000/-രൂപ

ബാങ്കിന്റെ ലോൺ സ്റ്റേറ്റുമെന്റ് (27.08.25) പ്രകാരമുള്ള ബാധ്യത-25,99,437/-രൂപ

(31.03.25 ലെ ലോൺസ്റ്റേറ്റുമെന്റ് ലഭ്യമാക്കിയിട്ടില്ല)

1-1-4 തൻവർഷം നടത്തിയ വിവിധ ജേർണൽ എൻട്രികളെ സാധൂകരിക്കു രേഖകൾ ലഭ്യമാക്കിയില്ല

(A) ഐസിഡിഎസ് കേന്ദ്രവിഹിതം ഫണ്ടിന്റെ ഓപ്പണിംഗ് ബാലൻസ് അഡ്ജസ്റ്റ് ചെയ്ത ജേണ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല.

(B) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഫണ്ട് തിരിച്ച് ഓരോ ഹെഡിലും നട
എൻട്രികൾക്ക് അനുസൃതമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതി
കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-1-5 ലഡ്ജർ ബാലൻസുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തു

(I) ലൈഫ് സ്റ്റേറ്റ് ഷെയർ കൃത്യമായ കണക്കുകൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്ക

(Ii) 320100999, 320200399, 320800199 എന്നീ ഹെഡുകളിലെ ഫണ്ടിനങ്ങളും വരവ് ചെലവ് ക
ലഭ്യമാക്കിയില്ല.

(Iii) സി എഫ് സി- ടൈഡ്, സി.എഫ്.സി അൺടൈഡ് ഫണ്ടുകളുടെ ചെലവ് വിവ
ഉൾപ്പെടുത്തിയിട്ടുള്ളത് പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	എ.സി.ആർ പ്രകാരം ചെലവ് തുക ₹	ധനകാര്യപത്രിക പ്രകാരം ചെലവ് തുക₹	സെക്രട്ടറി സാക്ഷ്യപ്പെട നല്കിയ കണ പ്രകാരം ചെ
സി.എഫ്.സി- ടൈഡ്	49,92,761/-	49,36,858/-	49,36,858/-
സിഎഫ് സി അൺടൈഡ്	29,78,592/-	29,74,702/-	29,69,156/-

1-1-6 വരവിനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

Market Receipts എന്ന ഹെഡിന്റെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 61,050/-രൂപയും ധന
ഷെഡ്യൂൾ പ്രകാരമുള്ളത് 61,290/-രൂപയും ആണ്.

കുളങ്ങൾ, ചാലുകൾ എന്നിവയിൽ നിന്നും മീൻ പിടിക്കുന്നതിനുള്ള അവകാശം എ
ഹെഡിലെ വരവ് 28,350/-രൂപ (മുൻ വർഷം അഡ്വാൻസായി ലഭിച്ച തുക) ഇൻകം & എ
പത്രികയിൽ തൻവർഷ വരുമാനത്തിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

1-2 ബജറ്റ്

12.02.2024 ലെ 1(1) നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായ
കമ്മിറ്റിയുടെ 24.03.2025 ലെ 1(2) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	5,11,69,035/രൂ
ഓഡിറ്റ് വർഷത്തെ വരവ്	11,32,54,182/-ര
ആകെ	16,44,23,217/-ര
ഓഡിറ്റ് വർഷത്തെ ചെലവ്	11,18,99,228/-ര
നീക്കിയിരിപ്പ്	5,25,23,989/-രൂ
വരവിനങ്ങളിലുള്ള നഷ്ടം	6,840/-രൂപ
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	66,670/-രൂപ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	26,34,308/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീ ലാ
വികസന ഫണ്ട്- പൊതു.	0	2,91,28,000/-	2,91,28,000/-	2,91,27,922/-	78/-
വികസന ഫണ്ട്- എസ് സി പി	0	1,19,50,000/-	1,19,50,000/-	89,31,925/-	30,1
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	1,30,66,000/-	1,30,66,000/-	72,33,806/-	58,1
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	80,02,000/-	80,02,000/-	67,01,191/-	13,(
സിഎഫ് സി-ടൈഡ് ട്രഷറി	0	18,21,485/-	18,21,485/-	9,20,000/-	9,01
സിഎഫ് സി-ടൈഡ് ബാങ്ക്	59,07,250/-	1,09,10,000/-	1,68,17,250/-	40,16,858/-	1,28
സിഎഫ് സി- അൺടൈഡ്- ബാങ്ക്	20,36,627/-	53,96,384/-	74,33,011/-	29,69,156/-	44,(
സിഎഫ് സി- അൺടൈഡ്-ട്രഷറി	0	4,85,581/-	4,85,581/-	0	4,8

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ / സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	
ഐസിഡിഎസ്	18,68,508/-	54,86,779/-	73,55,287/-	49,26,335/-	2
എംജിഎൻആർഇജിഎസ്	307/-	6,73,39,325/-	6,73,39,632/-	6,73,39,632/-	0
ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	11,41,242/-	5,63,068/-	17,04,310/-	5,10,062/-	1
ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ്സ് ഗ്രാന്റ്	5,19,771/-	8,21,890/-	13,41,661/-	4,25,112/-	9
സ്വച്ഛ് ഭാരത് മിഷൻ	0	6,72,000/-	6,72,000/-	6,72,000/-	0
ലൈഫ് സ്റ്റേറ്റ് ഷെയർ	90,37,898/-	1,59,18,082/-	2,49,55,980/-	2,37,14,500/-	1
കാവുകളുടെ സംരക്ഷണം	9,840/-	0	9,840/-	0	9
ആയുർവേദം- ക്യാപിറ്റൽ	5,00,000/-	0	5,00,000/-	0	5
അദർ ഗ്രാന്റ്സ്- ക്യാപിറ്റൽ	65,355/-	0	65,355/-	0	6
ശുചിത്വ മിഷൻ	13,85,662/-	28,244/-	14,13,906/-	10,48,110/-	3

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർ

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂ പ്രോ ശത
226	28,45,97,129/-	142	12,09,15,051/-	65	19	62.8

1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്ക
ഭരണചെലവുകൾ	307/-	23,15,873/-	23,16,180/-	23,16,180/-	0

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	6,50,23,452/-	6,50,23,452/-	6,50,23,452/-	0
ആകെ	307/-	6,73,39,325/-	6,73,39,632/-	6,73,39,632/-	0

1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ത
കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക
കർഷകതൊഴിലാളി പെൻഷൻ	26,86,600/-
വിധവാ പെൻഷൻ	2,72,93,600/-
വാർദ്ധക്യകാല പെൻഷൻ	5,01,18,500/-
വികലാംഗ പെൻഷൻ	1,02,75,700/-
50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	2,25,200/-
വിധവകളുടെ പെണ്മക്കളുടെ വിവാഹത്തിന് ധനസഹായം	2,40,000/-

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻ
21.08.2025, 3:45 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നട
പരിശോധനയിൽ അന്നേ ദിവസത്തെ ഡേ ബുക്ക് പ്രകാരം ഒടുക്ക് വരുത്തിയ 8,358/-ര
ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക
വിധത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും ഫെലിസിറ്റേഷൻ സെന്ററും പ്രവർത്തിച്ചുവ
വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജ
സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭ

ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ വരവുകൾ നിലവിൽ കെ–സ്
സ്വീകരിക്കുന്നത്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക
ഉറപ്പുവരുത്തുന്നുണ്ട്. ചെലവുകൾ അധികൃതമാക്കി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്.
നിരക്കിലുള്ള വസ്തുനികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതി
സ്വീകരിക്കേണ്ടതാണ്. നികുതി ഒടുക്കിനത്തിൽ ലഭിക്കുന്ന ചെക്കുകൾ യഥാസമയം അ
വയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അംഗനവാടികളുടെ അറ്റകുറ്റപണികൾക്കായി
നീക്കി വയ്ക്കണ്ടതും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെന്ന് ഉറപ്പ
അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും വാങ്ങലുകൾ നടത്തുമ്പോൾ സ്ഥാപന
ഉപകരണങ്ങളാണ് ടെൻഡർ കൂടാതെ വാങ്ങുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ഡെപ്പോസി
യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമ
ഉറപ്പാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന പ്രോജക്ടുകളിൽ ഗുണ
വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ സോഫ്റ്റ് കോപ്പി സൂക്ഷിക്കുകയോ ചെയ്യേ
ഭവന നിർമ്മാണം, പഠനമുറി നിർമ്മാണം പദ്ധതികളിൽ പൂർത്തിയാക്കാനുള്ള ഗുണഭോക്
പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുവാങ്ങൽ പദ്ധതികളി
ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്ന ഗു
ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. 2023 ഫെബ്രുവരിക്ക് മുമ്പ് ടെ
ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക സെക്രട്ടറിയുടെ തനത് ഫണ്ട് ര
ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്
വിളക്കുകളുടെ ഇനം, തരം, പോസ്റ്റ് നമ്പർ, സ്ഥാനം, വാർഡ് എന്നിവ വിവരിക്കുന്ന തെരുവ
രജിസ്റ്ററും, തെരുവ് വിളക്ക് മെയിന്റനൻസ് സ്റ്റോക്ക് രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്
സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കേ
തേവലക്കര ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നടക്കു
പരിസരത്ത് പ്രത്യേക മുറി നിർമ്മിച്ച് തൻവർഷം ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്
മാർക്കറ്റിന്റെ മുകൾ നിലയിൽ പ്രവർത്തിക്കുന്ന എംസിഎഫിന് അടിസ്ഥാന സൗകര്യ
വിശ്രമ മുറി, ശുചിമുറി എന്നിവ നിർമ്മിച്ചിട്ടുണ്ട്. മാലിന്യം സംഭരിക്കുന്നതിനായി എ
പ്രത്യേകം ഗ്രില്ലിട്ട് തിരിച്ച് മാലിന്യം ചാക്കുകളിലാക്കി അടുക്കി സൂക്ഷിച്ചിട്ടുണ്ട്. മാതൃകാ
ഗ്രാമ പഞ്ചായത്തിലുള്ളത്.



തേവലക്കര മാർക്കറ്റിലുള്ള എം.സി.എഫ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോ തീയ
പെർഫോമൻസ് ഓഡിറ്റ്	18.07.2022	4/22 മുതൽ 6/22 വരെ	15.09.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.06.2020 മുതൽ 12.06.2020 വരെ	2015-16 മുതൽ 2019-20 വരെ	23.09.

1-11 നികുതി ഒടുക്കിലേയ്ക്കായി ലഭിച്ച ചെക്കുകൾ ബാങ്കിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചില്ല.

തനതു ഫണ്ട് ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട് മാർച്ച് മാസത്തെ ബാങ്ക് റെക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് എന്നിവയുടെ പരിശോധനയിൽ നിന്നും 2025 മാർച്ച് 29 കുഞ്ഞു വന്ന നികുതി ഒടുക്കുന്നതിലേക്കായി സമർപ്പിച്ച 19,490/- രൂപയുടെയും, 8,155/-രൂപയ Rs. 27645/-) ചെക്കുകൾ തുടർന്നുള്ള കാലയളവിൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയതായി കാണ

ശേഷമുള്ള മാസങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയിൽ നിന്നും ഇത് വ്യക്ത
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റെസീപ്റ്റ് നമ്പർ	തുക₹	ചെക്ക് നമ്പർ	തുക₹
1245501530	4,452/-	254294	Rs. 8,155/-
1245501535	3,703/-		
1245501544	4,233/-	254295	Rs. 19,490/-
1245501545	11,632/-		
1245501546	3,625/-		
ആകെ	27,645/-	ആകെ	Rs. 27,645/-

മേൽ ചെക്കുകൾ പ്രകാരം ഉള്ള തുകകൾ അക്കൗണ്ടിൽ വരവ് വെച്ചതിന്റെയും വസ്തു നിക
രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നം. 20/30.08.2025

1-12 തൊഴിൽ നികുതി - പുതുക്കിയ നിരക്കിൽ ഈടാക്കിയില്ല

27.06.2024 ലെ സ.ഉ.(സാധാ) നം.1149/2024/LSGD, പ്രകാരം തൊഴിൽ നികുതി നിർണയ
ആക്കേണ്ടുന്ന വരുമാന സ്ലാബുകളിലും നിരക്കുകളിലും ഭേദഗതി വരുത്തിയിട്ടുള്ളതും
മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധ
തൊഴിൽ നികുതി ഈടാക്കിയതിലുള്ള അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർ

ക്ര.നം	**ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**	**അർദ്ധവാർഷിക ശമ്പളം₹**	**ബാധകമായ സ്ലാബ്₹**	**ഒടുക്കേണ്ടുന്ന നികുതി₹**	**ഒടുക്കിയ നികുതി₹**
1	ചിത്ര കൃഷ്ണൻ	36000/-	30000- 44999	600/-	300/-
2	വിജയ ലക്ഷ്മി പിള്ള. പി	30000/-	30000- 44999	600/-	300/-
3	വി. അംബികാദേവി	30000/-	30000- 44999	600/-	300/-
4	ഹേമലത. ആർ.	28500/-	18000-29999	450/-	180/-
5	രജനി. ആർ	28500/-	18000-29999	450/-	180/-

6	ശ്രീകല. ആർ	28500/-	18000-29999	450/-	180/-
7	ഗീതാകുമാരി. കെ. ജി	25500/-	18000-29999	450/-	180/-
8	പ്രീതി. എസ്	27000/-	18000-29999	450/-	180/-
9	മഞ്ജു. എം. ർ	25500/-	18000-29999	450/-	180/-
10	പ്രീതിമോൾ. ബി	25500/-	18000-29999	450/-	180/-
11	വിജയലക്ഷ്മി. എസ്	27000/-	18000-29999	450/-	180/-
12	ഷീബാദാസ്. പി	27000/-	18000-29999	450/-	180/-
13	സ്വപ്ന. ആർ	25500/-	18000-29999	450/-	180/-
14	ഹസീന. ജെ	24000/-	18000-29999	450/-	180/-
15	ശാന്തി.എസ. വൈ	24000/-	18000-29999	450/-	180/-
16	ജയകുമാരി. ആർ	24000/-	18000-29999	450/-	180/-
17	ലീന. എൽ	24000/-	18000-29999	450/-	180/-
18	ദീപ. എൽ	25500/-	18000-29999	450/-	180/-
19	രാജലക്ഷ്മി. ജെ	24000/-	18000-29999	450/-	180/-
20	ലത. ഐ	24000/-	18000-29999	450/-	180/-
21	രേഖ രംഗൻ	24000/-	18000-29999	450/-	180/-
22	ബീന കുമാരി. പി	24000/-	18000-29999	450/-	180/-
23	ലാലി. എൽ	24000/-	18000-29999	450/-	180/-
24	ശ്രീകുമാരി. ആർ	24000/-	18000-29999	450/-	180/-
25	ഷിർലി. എസ്	24000/-	18000-29999	450/-	180/-
			ആകെ	11,700/-	4,860/-

നികുതി നിർണയത്തിലെ അപാകത മൂലം പിരിച്ച തൊഴിൽ നികുതിയിൽ Rs. 6,840/- രൂപയു
കുറവുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകപയറിക്ക് മറുപടി ലഭ്യമാക്കിയി

തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറി നമ്പർ- 21/30.8.25

1-13 ഹോമിയോപ്പതി മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായ

മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, തേവലക്കര നിർവ്വഹണ ഉ നടപ്പാക്കിയ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി, "ദി കേരള സ്റ്റേറ്റ് ഹോമിയ ഓപറേറ്റീവ് ഫാർമസി(HOMCO)ക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മരുന്നുക ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/പേര്	അടങ്കൽ (രൂപ)	ചെലവ് (രൂപ)	മരുന്ന് വാങ്ങുന്നതിനായി നൽകിയതുക(രൂപ)	ലഭ്യമായ മരുന്നിന്റെ വില(രൂപ)	അവ മരു വില
82/25,ഹോമിയോപ്പതി-മരുന്ന് വാങ്ങൽ	4,00,000/-	BRN: 240307520994009837 16 Dtd. 04.12.2024	4,00,000/-	3,19,434/-	80,566

ലഭ്യമായ മരുന്നുകളുടെ വിവരം ഇപ്രകാരമാണ് :-

ക്രമ നം	ഇൻവോയ്സ് നം	തീയതി	ലഭ്യമായ മരുന്നുകളുടെ വില₹
1	LF- 2633	22.02.2025	1,24,874/-
2	LF- 2841	10.03.2025	28,073/-
3	LF- 356	11.06.2025	68,130/-
4	LF- 939	29.07.2025	70,489/-
5	LF-1064	11.08.2025	27,868/-
		ആകെ	3,19,434/-

മരുന്നു ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മരുന്നിന്റെ വില ആയ 80,566/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-14 മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും മരുന്ന് ല ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എച്ച്.സിക്ക് മരു
പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ എന്നീ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന
മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയെങ്കിലും മരു
ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/പേര്	നൽകിയ തുക₹	പ്രെഫോർമ ഇൻവോയ്സ്/ ബിൽ നം/ തീയതി	ലഭ്യമായ മരുന്ന്	ലഭ്യമ അവ മരു
29/25 - പി.എച്ച്. സിക്ക് മരുന്നുവാങ്ങൽ	3,74,405/-	PRF 635/18.7.24 (465858/27.7.24)	2,34,613/-	1,39,79
	3,25,595/-	PRF 2062/18.11.24 (5/24-25/10.12.24)	1,82,549/-	1,43,04
34/235- പാലിയേറ്റീവ് കെയർ മരുന്നു വാങ്ങൽ	8,42,305/-	PRF 2363/29.11.23 (300133336/9.5.24)	5,84,696/-	2,57,60
	4,73,405/-	PRF 1992/14.11.24 (370/28.11.24)	3,69,413/-	1,03,99
ആകെ				6,44,43

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അനുബന്ധ രേ
ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി
ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും ലഭ്യമാകുന്ന മു
ഹാജരാക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 6,44,439/-രൂ
തടസ്സപ്പെടുത്തുന്നു.

മരുന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് എൻട്രി രേ
മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നം.- 10/27.08.25

1-15 വിവാഹ ധനസഹായം (എസ്. സി)- അധികം തുക നൽകി

പ്രോജക്ട്	140/25-വിവാഹ ധനസഹായം (എസ്.സി)
അടങ്കൽ തുക	₹5,00,000/- (വികസന ഫണ്ട്-എസ്. സി.പി)
ചെലവ് തുക	₹5,00,000/- (വികസന ഫണ്ട്-എസ്. സി.പി)
ബിൽ നം	131067/9.5.24,131081/9.5.24,131074/9.5.24,131087/9.5.24

മേൽ പദ്ധതി പ്രകാരം ശ്രീമതി ഭസ്മത്ത് വടക്കതിൽ, മുള്ളിക്കാല എന്ന വ്യക്തിയുടെ മക 11.9.2022 ൽ നടക്കുകയും വിവാഹ ധനസഹായമിനത്തിൽ 1,25,000/-രൂപ (ബിൽ നം. 24030752(കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ)നം.2593/2022/തസ്വഭവ തീയതി 26.10.2022 പ്രകാരം നടക്കുന്ന വിവാഹങ്ങൾക്ക് മാത്രമെ വിവാഹ ധനസഹായമിനത്തിൽ 1,25,000/-രൂപ അ പാടുള്ളൂ. വിവാഹം നടന്ന കാലയളവിൽ വിവാഹ ധനസഹായമിനത്തിൽ അനുവദിക്കാ(തുക 75,000/-രൂപയാണ്. 50,000/-രൂപ ധനസഹായമിനത്തിൽ അധികം നൽകിയിരിക്കുന്നു. ക മാർഗ്ഗരേഖ ഖ-2-18 പ്രകാരം 25,000/-രൂപയ്ക്ക് മുകളിൽ ആനുകൂല്യം വാങ്ങുന്ന സന്ദർഭങ്ങള മുദ്രപത്രത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ ടി പ്രോജക്ടുകളിൽ ഗുണഭോക്താക്ക വച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകവയറിക്ക് മറുപടിയായി, ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ഈയിന നൽകിയ 50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധിക ചെലവിന് ഉത്തരവാദിയ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 50,000/-രൂപ

ഓഡിറ്റ് എൻകവയറി നം.- 08/27.08.25

1-16 പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ്- സബ്സിഡ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ക്രമ നം.	പ്രോജക്ട്	അടങ്കൽ തുക
1	119/25- എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	10,00,000/- (വികസനഫണ്ട്-എസ്.സി.പി)

2	143/25- എസ്.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	11,00,000/- (വികസനഫണ്ട്-എസ്.സി.പി)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വ കുട്ടികൾക്ക് സ്കോളർഷിപ്പ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വിവിധ കോഴ്സുകള വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടെങ്കിലും സബ്സിഡി മാർഗ്ഗരേഖ സ തസ്വഭവ തീയതി 28.5.22 ഖ7-2-4 ൽ നിർദ്ദേശിച്ച പ്രകാരം വിദ്യാർത്ഥികളുടേയും വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ സബ്സിഡി മാർഗ്ഗരേ 25,000/- രൂപയ്ക്ക് മുകളിൽ ആനുകൂല്യം വാങ്ങുന്ന സന്ദർഭങ്ങളിൽ മുദ്രപത്രത്തി തയ്യാറാക്കേണ്ടതാണ്. എന്നാൽ ടി പ്രോജക്ടുകളിൽ ഗുണഭോക്താക്കളുമായി കരാർ വ മാർഗ്ഗരേഖ നിർദ്ദേശാനുസരണം പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.-22/1.9.25

1-17 ലൈഫ് ഭവന നിർമ്മാണം- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്ക നിർമ്മാണം തുടങ്ങിയില്ല

ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2022 -23, 2023 - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	ആദ്യഗഡു₹	കൈപ്പറ്റിയ തീയതി
ശ്രീമതി ശാന്ത കല്ലുംപുറത്ത് വീട്,അരിനല്ലൂർ	40,000/-	2022-23
ശ്രീമതി ഷിജി ക്രിസ്റ്റി നമ്പത്ത് കടവിൽ	40,000/-	30-12-23
ശ്രീ. രാജു /ലിസ്സി പാണുതറയിൽ, കോയിവിള	35,000/-	16-12-24
ശ്രീ. ജയൻ	40,000/-	13-3-23

കുറ്റിപ്പുറത്ത് കിഴക്കതിൽ, പുത്തൻ സങ്കേതം		
ശ്രീ. മുരാരി/ സുധ കളീലി വടക്കതിൽ, അരിനല്ലൂർ	40,000/-	7-7-23
ശ്രീ. അജ്മൽ ഖാൻ നജിം നിവാസ്	50,000/-	1-1-24
ശ്രീമതി വസന്ത കുമാരി ശിവഭവനം, പാലയ്ക്കൽ	40,000/-	19-1-24
ശ്രീമതി മായാദേവി തടത്തിവിളയിൽ തുണ്ടിൽ തെക്കതിൽ, മുള്ളിക്കാല	40000/-	28-2-24

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടിക നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ പുരോഗതി വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരു ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീക കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അ നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.- 18/30.8.25

1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- ഗുണഭോക്താക്കൾ വിവ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുക എന്ന പദ്ധതി നട ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 2022-23, 23-24, 24-25 വർഷങ്ങളിൽ ഗുണഭോക്ത ഗഡുക്കൾ കൈപ്പറ്റിയിട്ടും പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എ വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ	തീയതി

	ഗഡുx₹	
ദേവു, ചേനത്തും വിള പുത്തൻവീട്	50,000/-	15-11-23
	50,000/-	23-3-24
മിന്നു.എ നടയിൽ കിഴക്കതിൽ	1,25,000/-	2022-23
അമൃത ബാബു ബാബു ഭവനം, പാലയ്ക്കൽ	50,000/-	2022-23
	75,000/-	24-3-24
സുരേഖ.ബി സുരേഷ് ഭവനം, അരിനല്ലൂർ	50,000/-	2022-23

പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ എൻകവയറിക നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുകയാണെന്ന് ര ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി നിർമ്മാണം പൂർത്തീക ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വ പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

1-19 സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ-കരാർ ,വിനിയോഗസാക്ഷ്യപത്ര ഹാജരാക്കിയില്ല

പദ്ധതി- 121 /25 സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ
അടങ്കൽ – ₹7,44,600/- (സി.എഫ്.സി.)

ചെലവ് – ₹7,44,500/- (ACR ബിൽ നം 709/30.3.25)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം എക്സിക്യൂട്ടീ പി.ഡബ്ലൂ.ഡി ഇലക്ട്രോണിക്സിന്റെ എസ്റ്റിമേറ്റ് പ്രകാരം പഞ്ചായത്തിന്റെ പൊതു സ്ഥല നിക്ഷേപം തടയുന്നതിന് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനായി 7,44,500/-രൂപ പ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനവുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻകവയറിക്ക് മറുപടിയായി, സ്ഥാപനവുമായി കരാർ ചമയ്ക്കുന്നതാണെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. കരാർ, വിനിയോഗസാക്ഷ്യപത്രം എന്നിവയുടെ

7,44,500/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻകയറി നം.-9/27.8.25
തടസ്സപ്പെടുത്തുന്ന തുക-7,44,500/-രൂപ

1-20 മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ച യോഗം കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്സ് തയ്യാറാക്കി പ്ര അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഭരണസമിതിയോഗങ്ങളുടെ പരിശോധിച്ചതിൽ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമ സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന

വർഷം	യോഗ നം.	യോഗ തീയതി	സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി	അദ്ധ്യക്ഷ അംഗീക തീയതി
2024	10	29.04.2024	20.05.24	20.05.24
	11	09.05.24	20.05.24	20.05.24
	14	14.06.24.	26.06.24	26.06.24
	16	3.07.2024	08.07.24	08.07.24
	20	21.08.2024	07.09.24	07.09.24
	21	20.09.24	09.10.24	09.10.24
	25	29.10.24	19.11.24	19.11.24
	28	21.12.24	13.01.25	13.01.25
2025	3	30.01.25	24.02..25	24.02.25
	4	15.02.25	20.02.25	20.02.25
	7	11.03.25	28.03.25	28.03.25

മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിലെ ക
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയി
തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരം യഥാസമയം വാങ്ങി മിനിട്സ് പൂർണ്ണമാക്കു
ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻകയറി നമ്പർ 15/29.8.25

1-21 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ഗ്രാമസഭാ അംഗീക മൂന്നു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി

പ്രോജക്ട്	മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
പ്രോജക്ട് നമ്പർ	S030/25
അടങ്കൽ	1,20,000/-രൂപ വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം 90,000/-രൂപ ഗുണഭോക്തൃ വിഹിതം -സ്ഥാപനത്തിലടയ്ക്കുന്നത് 30,000/-രൂപ
ചെലവ്	1,18,900/-രൂപ (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം 89,175/- (ബി -1/24-25/19.03.25), ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിലടയ്ക്കുന്നത് -29,725/- ചെക -000009/31.03.25)

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മത്
കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് പദ്ധതിയിൽ 30 ഗുണഭോക്താക്കൾക്ക് അനുകൂല്യം ന
തീരുമാനിച്ചിരുന്നത്. കുറഞ്ഞ തുക 2,900/- രൂപയാണ് ക്യാപിറ്റൽ പോളിമേഴ്സ് കണ്ട
തിരുവനന്തപുരം എന്ന സ്ഥാപനം കാട്ടി ചെയ്തത്. ടെൻഡർ സേവിംഗ്സ് പ്രകാരം അധികമായ്
ഉപയോഗിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ബാക്കിവരുന്ന അർഹതയുള്ള ഗുണഭോക്ത
ആനുകൂല്യം നൽകുന്നതിനും താഴെപ്പറയുന്ന മൂന്ന് പേരെ കൂടി ഉൾപ്പെടുത്ത

നൽകുന്നതിനും 5.3 .25 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ തീരുമാന
എടുക്കുകയുണ്ടായി.

1. ശ്രീമതി ക്രിസന്സിയ, തോപ്പിൽ തെക്കതിൽ വാർഡ് -6
2. ശ്രീ. ജെയിംസ് കോട്ടൂർ കിഴക്കതിൽ - വാർഡ് 12
3. ശ്രീ. അൻസാരി, പുത്തൂർ പടിഞ്ഞാറ്റതിൽ വാർഡ് 16

ആയതിൻ പ്രകരം കുറഞ്ഞ തുക കാട്ട് ചെയ്ത ക്യാപിറ്റൽ പോളിമേഴ്സ് കണ്ട
തിരുവനന്തപുരത്തിന്റെ താഴെപ്പറഞ്ഞ ഇൻവോയ്സുകൾ പ്രകാരം ആകെ 41 വാട്ടർ ട
വിതരണം ചെയ്തിട്ടുണ്ട്.

1. ഇൻവോയിസ് നമ്പർ - B-2C/263/28.02.25 – 87,000/- (30 എണ്ണം @2900/-)

2. ഇൻവോയിസ് നമ്പർ - B-2C/281/28.13.03..25 – 31,900/- (11 എണ്ണം @2900/-)

എന്നാൽ മേൽപ്പറഞ്ഞ മൂന്നു ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതി
ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻകയറിക്കുള്ള മറുപടിയിൽ, 50 പേരടങ്ങുന്ന ഗ്രാമസ
ഗുണഭോക്തൃ ലിസ്റ്റാണ് പദ്ധതി നടത്തിപ്പിലേക്ക് പഞ്ചായത്ത് ലഭ്യമാക്കി
ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ സാധിക്കാത്തതിനാലോ, മര
ക്ഷേമനിധി ബോർഡിൽ അംഗത്വം ഇല്ല എന്ന കാരണത്താലോ പദ്ധതിയിൽ
സാധ്യമായിരുന്നില്ലെന്നും, പദ്ധതിയിൽ മൂന്നു യൂണിറ്റുകൾ കൂടി അധികമായി നൽക
തുക ബാക്കി നിൽക്കുന്ന വിവരവും നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അർഹര
വിവരവും രേഖാമൂലം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിരുന്നെന്നും പറയുന്നു. ര
ശേഷിക്കുന്ന തുക ഉപയോഗിച്ച് മൂന്നു മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൂ
നൽകുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും അംഗീകരിച്ച അഡ
പ്രകാരമാണ് മൂന്നു മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകിയത് എന്നും പദ്ധതിയു
മാർച്ച് മാസം എത്തിയതിനാൽ ഫണ്ട് ലാപ്സ് ആകാതെ സമയബന്ധിതമായി പദ്ധതി നട
സദുദ്ദേശത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത് എന്നും മറുപടിയിൽ അറിയിച്ചിട്ടു
പഞ്ചവത്സര പദ്ധതി മാർഗരേഖ സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.4.22 ഖണ്ഡി
ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുക
ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമസഭ

വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 12..3. 16-ൽ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഒഴിവാക്കി
കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെ ആകണമെന്നും നിർദ്ദേശമുണ്ട്. ആ
ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ
പദ്ധതി വിഹിതം 6525/-{(89175/41)X3}രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി നമ്പർ 06/23.08.2025

തടസ്സപ്പെടുത്തുന്ന തുക- 6,525/-രൂപ

1-22 മഴക്കാല പൂർവ്വ ശുചീകരണം- തുക പൂർണ്ണമായും ചെലവഴിച്ചില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി തൻവർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
രൂപ (തനത് ഫണ്ട് 2,30,000/-രൂപ ചെക്ക് നം.4163/03.05.24, ശുചിത്വമിഷൻ ഫണ്ട് 2,30,
നം.646767/20.05.24) അനുവദിച്ചിട്ടുണ്ട്. ഒരു വാർഡിലെ പ്രവർത്തനങ്ങൾക്ക് 20,000/-രൂപ നി
വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റി പേർക്കുള്ള ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചി
താഴെ പറയും പ്രകാരം വാർഡ് 4, വാർഡ് 14 എന്നിവയ്ക്ക് അനുവദിച്ച തുകക
ചെലവഴിച്ചിട്ടില്ല.

വാർഡ് നം.	ബാങ്ക് അക്കൗണ്ട് നം.	കുറിപ്പ്
4	Indian Bank, Thevalakkara Ac No.7743490056	₹13,600/- മാത്രം ചെലവഴിച്ച് രേഖകൾ ഹാജരാക്കി 27.05.25 തീയതിയിൽ ബാങ്ക് അക്കൗണ്ടി ബാക്കിയുണ്ട്.
14	Indian Bank, Thevalakkara Ac No.7743483844	₹16,000/- മാത്രം ചെലവഴിച്ച് രേഖകൾ ഹാജരാക്കി 10.10.24 തീയതിയിൽ ബാങ്ക് അക്കൗണ്ടി ബാക്കിയുണ്ട്.

കൂടാതെ വാർഡ് 3, വാർഡ് 22 എന്നിവയ്ക്ക് അനുവദിച്ച തുകകൾ 01/2025, 07/2025
പിൻവലിച്ചിട്ടുള്ളത്. ഇതിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക്
തുക യഥാസമയം വിനിയോഗിക്കുന്നില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിഷ
ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് 4, വാർഡ് 1

അനുവദിച്ചതിൽ നാളിതുവരെ ചെലവഴിച്ചിട്ടില്ലാത്ത 10,508/-രൂപയുടെ തനത് ഫണ്ടിൽ ന
തടസ്സപ്പെടുത്തുന്നു. 10,508/-രൂപ തനത് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. മഴക്കാലപൂ
പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വ

തടസ്സപ്പെടുത്തുന്ന തുക -10,508/-രൂപ
ഓഡിറ്റ് എൻകയറി നം.13/28.8.25

1-23 നിക്ഷേപ പ്രവൃത്തികൾ-ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപ
ലഭ്യമായില്ല

ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുക
അപാകതകൾ താഴെ ചേർക്കുന്നു.

ക്രമനം.	പ്രോജക്ട് നം., പേര്	തുക കൈപ്പറ്റിയ സ്ഥാപനം, ഫണ്ട് ഇനം	അപാകതകൾ	മറുപടി വിവരം	വിനി രേഖ ലഭ്യ തടസ്സ തുക
1	21/25 വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	എ ഇ, കെ.എസ്. ഇ.ബി, തേവലക്കര Own Fund ₹2,21,315/- വിവിധ ചെക്കുകൾ (₹38,056/- 6411967/09.10.24 ₹45,780/- 5683/25.10.24 ₹13,213/- 5698/25.11.24	പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	മറുപടി ലഭ്യമാക്കിയില്ല.	2,21,31

		₹23,357/- 0011/31.03.25 ₹1,00,909/- 5722/14.01.25)			
2	210/25 വൈദ്യുതി ലൈൻ സ്ഥാപിക്കൽ	എ ഇ , കെഎസ് ഇബി, തേവലക്കര Own Fund ₹90,517/- (₹82,292/-Chq No.6411979/06.11.24 ₹8,225/- Chq No.5748/21.02.25)	പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	മറുപടി ലഭ്യമാക്കിയില്ല.	90,517
3	192/25 വൈദ്യുതി ലൈൻ സ്ഥാപിക്കൽ	എ ഇ , കെഎസ് ഇബി, തേവലക്കര CFC Fund (₹99,938/- Voucher No.P 4/ 10.06.24)	പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	മറുപടി ലഭ്യമാക്കിയില്ല.	99,938
4	88/25 ഗ്രാമപഞ്ചായത്ത് ഓഫീസിൽ സിസിടിവി സ്ഥാപിക്കൽ	ഇ ഇ, പിഡബ്ള്യുഡി-ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം വികസന ഫണ്ട് (പൊതു.) ₹3,73,000/- (Bill No.23/22.03.25)	സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ വിവരം, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, വാറണ്ടി വിവരം, സ്ഥാപനവുമായി ഏർപ്പെട്ട കരാർ, ഫൈനൽ ബിൽ പകർപ്പ്, പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ	മറുപടി ലഭ്യമാക്കിയില്ല.	5,73,0(

		തനത് ഫണ്ട് (₹2,00,000/- Chq No.213834/17.05.25)	വിവരം, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.		
5	235/25 എംസിഎഫ് ഇലക്ട്രിഫിക്കേഷൻ	ഇ ഇ, പിഡബ്ള്യുഡി-ഇലക്ട്രിക്കൽ വിഭാഗം ആലപ്പുഴ തനത് ഫണ്ട് ₹1,63,000/- (Chq No. 213804/27.01.25)	തുകയുടെ കൈപ്പറ്റ് രേഖകൾ, പ്രോജക്ട് പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതിന്റെ വിവരം, തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	മറുപടി ലഭ്യമാക്കിയില്ല.	1,63,0

പ്രോജക്ട് ലക്ഷ്യം കൈവരിച്ച് വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതുവരെ 11,47,770/-രൂ തടസ്സപ്പെടുത്തുന്നു. ചെലവ് തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക 11,47,770/-രൂപ

ഓഡിറ്റ് എൻകയറി നം. 12/28.08.25

1-24 ഭവന നിർമ്മാണ പദ്ധതി വായ്പ - കണക്കുകൾ കൃത്യമായി സൂക്ഷിച്ചി തിരിച്ചടവ് നടത്തിയില്ല

ഭവന നിർമ്മാണ പദ്ധതിയ്ക്കായി തേവലക്കര ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിര 2015-16 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിട്ടുണ്ട്. ബാങ്ക് പ്രാബല്യത്തിലെ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Date Of Loan	Loan No.	Principal Amount ₹	Principal Balance ₹	Interest Balance ₹	To Ov
11.07.14	GPHL1	92,00,000/-	16,92,242/-	2,27,077/-	19,
22.07.15	GPHL2	46,00,000/-	9,07,195/-	1,12,880/-	10,

		1,38,00,000/-	25,99,437/-	3,39,957/-	29,

ഗ്രാമപഞ്ചായത്ത് പ്രസ്തുത വായ്പ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ന ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 31.03.25 ലെ പ്രസ്തുത വായ്പ ബാധ ആണ്. എന്നാൽ ബാങ്ക് കണക്കുകളിൽ അധികം ബാധ്യത നിലനില്ക്കുന്നതായും കാണുന്നു വായ്പ എടുക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പലിശനിരക്ക്, പലിശ കണക വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. കണക്കുകളിലെ വ്യതിയാനം പരിശോധിച്ച് ബാധ്യത തിട്ടപ്പെടുത്തി, ഒടുക്കേണ്ട പലിശ തുക കണക്കാക്കി വായ്പ വിവരങ്ങൾ ക്രമീ കൃത്യമാക്കേണ്ടതാണ്. വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും ബാങ്ക് രേഖകളുമാ കണ്ടെത്തി വായ്പ ബാധ്യത കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് മ തൻവർഷം വായ്പ തിരിച്ചടവ് നടത്തിയിട്ടില്ല. വായ്പ, പലിശ ഇനത്തിലെ തുകകൾ യഥാസ വരുത്താത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് പലിശ ഇനത്തിൽ വലിയ ബാധ്യത ഉ തൻവർഷം വായ്പ തിരിച്ചടവിന് തുക വകയിരുത്തിയിട്ടില്ലാത്തതിനുള്ള കാരണം വ്യക്ത ലോൺ കണക്കുകൾ കൃത്യമാക്കി തിരിച്ചടവ് യഥാസമയം നടത്തി ബാധ്യത ഒഴിവ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 1,70,0 നം.5293/10.09.24) അനുവദിച്ചിരുന്നതിൽ 20,000/-രൂപ ക്രമീകരിച്ചിട്ടില്ല. 2023-24 സാമ്പ അനുവദിച്ച തുകയിൽ 25,000/-രൂപയും നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ

കുടിശ്ശികക്കാരുടെ വിവരം താഴെ ചേർക്കുന്നു.

ശ്രീമതി ആശാബീഗം, അക്കൗണ്ടന്റ്- ₹20,000/- (2024-25)

ശ്രീമതി നീതു രാജ്, സീനിയർ ക്ലാർക്ക് - ₹20,000/- (2023-24)

ശ്രീ അരുൺ എസ് പി, ക്ലാർക്ക് ₹5,000/- (,,)

അഡ്വാൻസ് തിരികെ ഈടാക്കിയതിന്റെയും കുടിശ്ശിക തുകയുടേയും രേഖകൾ ന ലഭ്യമാക്കുന്നതിനും അഡ്വാൻസ് നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം വിശദീ

നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു, ബന്ധപ്പെട്ട ഓഫീസുകളിലേക്ക് ര
ലഭ്യമാക്കുന്നതിനുള്ള അറിയിപ്പ് നല്കിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച അഡ്വാൻസ് തിരികെ ഈടാക്കുന്നതിന് സ
സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം.-14/29.8.25

